# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 9 Reg NO.TNBIL/2016/70171 ISSUE - 1
JANUARY - 2025 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ജ്ഞോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427 - 2386464. www.jamakaran.com
Mob.: No. 9894261333



ജാമക്കാരൻ വായനക്കാർക്ക് എന്റെ പുതുവത്സരാശംസകൾ കർത്താവിന്റെ വലിയ കൃപയാൽ ഞാൻ സുഖമായിരിക്കുന്നു. 2024 സെപ്തംബർ മാസം മുതൽ എന്റെ ഓഫീസിൽ ഞാൻ വന്നുപോകുന്നു. കഴിഞ്ഞ 10 മാസങ്ങളായി ആഫീസിൽ പോകാതിരുന്ന ഞാൻ എന്റെ ബലഹീനതയിൽ ഒരു ചെറിയ മാറ്റം ഉണ്ടായതുകൊണ്ട് വീട്ടിനുള്ളിൽ തന്നെ നടന്ന് ഓഫീസിൽ ഉള്ള ചെറിയ മുറിയിൽ 40 മിനിറ്റ് കത്തുകളെല്ലാം തുറന്നു വായിച്ചു. പ്രാർത്ഥനകുറിപ്പുകൾ എടുത്തു എഴുതി. പക്ഷെ 40 നിമിഷം തുടർന്ന് ഇരുന്നാൽ ഉടനെ ഒരു തളർച്ച ഉണ്ടാകുന്നു. ഉടൻ

കട്ടിലിൽ ചെന്നു കിടന്നാൽ ആ തളർച്ച മാറുന്നു. ചിലസമയം കട്ടിലിൽ വച്ച് എഴുതുന്ന ഡെസ്ക് വച്ച് എഴുതുന്നു. എങ്ങനെയോ മൂന്നുമാസത്തിന്റെ മാസികക്കായിട്ടുള്ള വാർത്തകൾ എഴുതിത്തീർത്തു. തുടർന്ന് വായനക്കാരുടെ പ്രാർത്ഥനാ വിഷയങ്ങൾക്കായി ഞാൻ പ്രാർത്ഥിക്കുന്നു.

എന്റെ അസുഖത്തെ അറിഞ്ഞു പലർ എനിക്കു കൂടുതൽ പണസഹായം ചെയ്തു സഹായിച്ചു അവർക്ക് യേശുക്രിസ്തുവിന്റെ നാമത്തിൽ നന്ദി പറയുന്നു. ഞാൻ ഓഫീസിൽ ചെന്നാൽ മാത്രമേ ലാൻഡ് ഫോൺ: 0427–2387499, 2386461 എന്നുള്ള ഫോണുകളെ എടുത്തു സംസാരിക്കാൻ സാധിക്കയുള്ളൂ. അതുകൊണ്ടു വായനക്കാർ 9894261333 എന്നുള്ള മൊബൈൽ ഫോൺ നമ്പരിൽ മാത്രം എന്നോടു സംസാരിക്കാൻ ശ്രമിക്കണം.

**ദൈവം നിങ്ങളോടു കൂടെ ഇരിക്കട്ടെ.**

**ഡോ. പുഷ്പരാജ്**

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# ഒരു അപ്പന്റെ തെറ്റുകൾ അവന്റെ കുടുംബത്തിന്റെ സ്ഥിതിയെ നിർണ്ണയിക്കാൻ പ്രധാനകാരണമാകുന്നു.

കുടുംബത്തലവൻ തന്റെ ഭാര്യയ്ക്കും മക്കൾക്കും മാതൃകയായി ജീവിച്ച് അവരെ ശരിയായ രീതിയിൽ നടത്തുന്നവനായിരിക്കണം. അവന്റെ തെറ്റുകൾ മുഴുകുടുംബത്തെയും ബാധിക്കും. അതു വർത്തമാനകാലത്തിൽ ഭാര്യയേയും ഭാവിയിൽ മക്കളുടെ ജീവിതത്തെയും ചിന്നഭിന്നമാക്കുന്നു.

കുടുംബത്തിന്റെ നിയന്ത്രണം എന്നുള്ളതു, കുടുംബ വ്യവഹാരങ്ങളെയും കുടുംബത്തെയും ചിട്ടയായി ശ്രദ്ധിച്ച് നടത്തുന്ന കടമയെയും ചേർത്ത് ഒരു വലിയ ചുമതലയാകുന്നു. ഇതിൽ ഉണ്ടാകുന്ന തെറ്റുകൾ വലിയ നാശങ്ങൾ ഉണ്ടാക്കും. ഇതിനു വേദപുസ്തകത്തിൽ പറയപ്പെടുന്ന ലോത്തിന്റെ കുടുംബം ഒരു ശരിയായ ഉദാഹരണം. j2

ലോത്ത് എന്നുള്ളവൻ വിശ്വാസികളുടെ പിതാ അബ്രഹാമിന്റെ ഇളയസഹോദരന്റെ മകൻ. അബ്രഹാം തന്റെ സ്വന്ത സ്ഥലത്തെ വിട്ട് കനാൻ ദേശത്തേക്കു പോകുമ്പോൾ ലോത്തും അവനോടുകൂടെ പോയി. യാത്ര എന്നു പറഞ്ഞാൽ മാസക്കണക്കിൽ വർഷക്കണക്കിൽ നടന്നു പൊയ്ക്കൊണ്ടേയിരിക്കും (ഉല്പ. 11:31, 12:4, 13:1). ഇവർ കനാനിൽ ഇരിക്കുന്ന സമയം ലോത്ത് യോർദ്ദാൻ നദിക്കടുത്തുള്ള സമഭൂമിയിൽ ചിലകാലം ജീവിച്ചു അതിന്റെ ശേഷം സോദോമിൽ താമസമാക്കി (ഉല്പ. 13:8–13, 14:1–6); ലോത്ത് ഒരു നീതിമാനായിരുന്നാലും തന്റെ കുടുംബചുമതലയിൽ പല തെറ്റുകൾ അവൻ ചെയ്തു (2 പത്രൊ. 2:8).

j3

ലോത്ത് തന്റെ ഭാര്യയേയും മക്കളേയും ചിട്ടയായി നിയന്ത്രിച്ച് നടത്താത്തതുകൊണ്ട് അവരെല്ലാവരും വളരെ പ്രശ്നങ്ങളിൽ അകപ്പെട്ടു. അവന്റെ തെറ്റ് ഇന്നത്തെ കുടുംബതലവന്മാർക്ക് ഒരു മുന്നറിയിപ്പായിരിക്കട്ടെ. അവന്റെ തെറ്റുകളെ ഓരോന്നായി കണ്ടുപിടിച്ച് നമ്മുടെ തെറ്റുകളെ തിരുത്തിക്കൊള്ളണം.

**1. അവൻ തന്റെ ഭാര്യയെ വഴി നടത്തുന്നതിൽ തെറ്റു ചെയ്തു.**

നീതിമാനായ ലോത്ത് തന്റെ കുടുംബജീവിതത്തിൽ ചെയ്ത ആദ്യത്തെ തെറ്റ് തന്റെ ഭാര്യയെ ശരിയായ രീതിയിൽ വഴിനടത്താത്തതു തന്നെ. അബ്രഹാമിന്റെ കൂടെ സ്വന്തദേശത്തെ വിട്ട് വന്ന ലോത്ത് സോദോമിൽ ഒരു കുടുംബമായി ജീവിച്ചു അതുകൊണ്ട് അവൻ ഒരു സോദോമ്യ പെണ്ണിനെ വിവാഹം കഴിച്ചു എന്നു ഊഹിക്കാം. സോദോം പാപത്തിൽ നിറഞ്ഞ ഒരു പട്ടണം (ഉല്പ. 18:20) ഇങ്ങനെയുള്ള നരകത്തിൽ നിന്ന് ഒരു ഭാര്യയെ ലഭിച്ച ലോത്ത് അവളെ കർത്താവിൽ വഴി നടത്താതെ തെറ്റിപ്പോയി. ലോത്ത് ദൈവത്തെ അറിഞ്ഞ മനുഷ്യൻ തന്നെ എന്നാൽ സോദോം പട്ടണത്തിലെ അതിക്രമങ്ങളെ കണ്ട് ബാധിക്കപ്പെട്ട ഒരു മനുഷ്യനായിരുന്നു (2 പത്രൊ. 3:8). അങ്ങനെയുള്ള ലോത്ത് തന്റെ ഭാര്യയെ പാപജീവിതത്തിൽ നിന്ന് ദൈവവഴിയിൽ കൊണ്ടുവരാതെ തെറ്റിപ്പോയി.

ലോത്ത് തന്റെ ഭാര്യയെ ദൈവത്തിന്റെ അടുക്കൽ കൊണ്ടു വന്നിരുന്നാൽ സോദോമിന്റെ നാശത്തിൽ നിന്ന് അവൾ രക്ഷിക്കപ്പെട്ടിരിക്കും ലോത്ത് നീതിമാനായി (2 പത്രൊ. 2:5) അബ്രഹാമിന്റെ ബന്ധുവായിരുന്നതുകൊണ്ട് (ഉല്പ. 19:29) സോദോമിന്റെ നാശത്തിൽ നിന്ന് അവന്റെ കുടുംബത്തെ രക്ഷപ്പെടുത്തുവാൻ ദൈവം തന്റെ ദൂതന്മാരെ അയച്ചു (ഉല്പ. 19:1–19). ലോത്തിന്റെ കുടുംബം ദൈവദൂതന്മാരുടെ നിർബന്ധം കാരണമായി സോദോം വിട്ടു പുറപ്പെടുമ്പോൾ ദൂതന്മാരുടെ ഓർമ്മപ്പെടുത്തൽ നിസ്സാരമാക്കി ലോത്തിന്റെ ഭാര്യ പിന്നോട്ടു നോക്കിയതു കൊണ്ടു നശിച്ചുപോയി (ഉല്പ.

19:16–17, 26) അവളുടെ ഹൃദയം സോദോമിനോടു ചേർന്നിരുന്നതുകൊണ്ടു അവരും സോദോമിനോടു ചേർന്നു നശിച്ചുപോയി.

സോദോമിനെ ഇഷ്ടപ്പെട്ട അവളെ ദൈവത്തിനു ഇഷ്ടപ്പെട്ട മകളാക്കാതെ തെറ്റിപ്പോയി അതുകൊണ്ട് അവൾ നശിച്ചു പോയി. അവൻ അവളെ ദൈവത്തിൽ വഴിനടത്തിയിരുന്നാൽ ദൈവമനുഷ്യന്റെ വാക്കു കേട്ട് നാശത്തിൽ നിന്നു രക്ഷപ്പെട്ടിരിക്കും. അവൾ സോദോമിൽ നിന്നു പുറപ്പെടുന്നതു ഇഷ്ടപ്പെടാത്തവളായിരുന്നു (ഉല്പ. 19:15–16). അവൾ ഇങ്ങനെ സോദോമിനെ സ്നേഹിച്ചതിനുകാരണം അവളുടെ ഭർത്താവു ദൈവത്തിന്റെ വഴി അവൾക്കു കാണിച്ചുകൊടുത്തില്ല എന്നതാണ്. കുടുംബത്തിനു നേതൃത്വം കൊടുക്കുന്നവൻ തന്റെ ഭാര്യക്കു വഴികാട്ടിയായിരിക്കണം പ്രത്യേകമായി ഒരു ക്രിസ്തീയകുടുംബത്തിൽ കുടുംബനാഥൻ തന്റെ ഭാര്യയെ കർത്താവിൽ വഴി നടത്തി ആത്മീകജീവിതത്തിൽ വരുവാനും സഹായിച്ചിരിക്കണം. തന്റെ ഭാര്യയെ ആത്മീകപ്രകാരമായും ക്രിസ്തുവിനെ അറിയുന്ന അറിവിലും വളർത്തുന്നതു ഓരോരോ ക്രിസ്തീയ കുടുംബത്തിലും വയ്ക്കപ്പെട്ട പ്രധാന കടമയാകുന്നു.

ആത്മീക വിഷയത്തിൽ ഉള്ള സംശയങ്ങളിൽ ആവശ്യമായ വിവരങ്ങളും ഭാര്യ തന്റെ ഭർത്താവിൽ നിന്നു തന്റെ തേടി പ്രാപിച്ചിരിക്കണം. എന്നു ദൈവവാക്കു പറയുന്നു (1 കൊരി. 14:35) കുടുംബനേതാവ് തന്റെ ഭാര്യക്കു ആത്മീക വഴികാട്ടിയായിരിക്കണം എന്നു ഈ വചനം നമുക്കു വെളിപ്പെടുത്തുന്നു. ഭാര്യയുടെ ആത്മീക വർദ്ധനക്കു അവരുടെ ഭർത്താവു തന്നെ ചുമതല ഏറ്റെടുക്കണം. എന്നാലും ഈ വിഷയത്തിൽ ലോത്തു തെറ്റിപ്പോയി.

ലോത്തിന്റെ ഈ തെറ്റു ഇന്നത്തെ ക്രിസ്തീയ കുടുംബങ്ങളിൽ നമുക്കു കാണാൻ സാധിക്കുന്നു. ഭാര്യയുടെ ആത്മീക വർദ്ധനക്കു ഭർത്താവു എന്തെങ്കിലും ചെയ്യണം. അങ്ങനെ ചെയ്യാതിരിക്കുന്നതു കൊണ്ടു അവർ തങ്ങളുടെ ആത്മീക ജീവിതത്തിനു ശ്രദ്ധ കാണിക്കുന്നില്ല. ഭാര്യ തന്റെ

ഭർത്താവോടു ചേർന്നു നിത്യജീവനെ അവകാശിയാക്കുന്നവളായിരിക്കുന്നതുകൊണ്ടു (1 പത്രൊ. 3:7). അവൾ ദൈവത്തിന്റെ അടുക്കൽ ചേരുവാൻ ഭർത്താവു എല്ലാവിധത്തിലും അവളെ സഹായിക്കണം. ഒരുവൻ തന്റെ ഭാര്യയെ സത്യമായി സ്നേഹിക്കുമെങ്കിൽ അവളുടെ ആത്മീക ജീവിതത്തെക്കുറിച്ചും അവൻ ഭാരപ്പെടണം. ലോത്തിന്റെ തെറ്റു എല്ലാ കുടുംബത്തിനും ഒരു ഓർമ്മപ്പെടുത്തലായിരിക്കുന്നു.

**2. ലോത്ത് തന്റെ പെൺമക്കളെ വളർത്തുന്നതിലും തെറ്റു ചെയ്തു.**

ലോത്ത് തന്റെ ഭാര്യയെ വഴി നടത്തുന്നതിൽ മാത്രമല്ല തന്റെ രണ്ടു പെൺമക്കളെ വളർത്തുന്നതിലും തെറ്റു ചെയ്തു. സോദോം നഗരവാസികൾ നീതിമാനായ ലോത്തിനു മനോവേദന ഉണ്ടാക്കി യിരുന്നാലും (2 പത്രൊ. 2:8). അവരുടെ തെറ്റുകളെ തന്റെ പെൺമക്കൾക്കു ചൂണ്ടികാണിച്ചു അവരെ പഠിപ്പിച്ചിരിക്കണം. പക്ഷെ അവൻ അങ്ങനെ ചെയ്തില്ല. അതുകൊണ്ട് ആ പെൺകുട്ടികളുടെ അപ്പനോടു ചേർന്നുള്ള പ്രവൃത്തി സോദോം നിവാസികളുടെ പാപത്തെ പ്രതിഫലിപ്പിക്കു ന്നതായിരുന്നു. സോദേമിന്റെ നാശത്തിനുശേഷം ലോത്തിന്റെ രണ്ടു പെൺമക്കളും അപ്പനെ മദ്യപിപ്പിച്ചു ലഹരി പിടിപ്പിച്ചു അപ്പനോടു ഇവർ ലൈംഗീക തെറ്റു ചെയ്തു (ഉല്പ. 19:30 –36) സോദാം നഗരത്തിന്റെ അശുദ്ധി ഇവരിലും ഉണ്ടായിരുന്നു.

സോദോം നഗരവാസികളുടെ പാപങ്ങളിൽ പ്രധാനമായതു സ്വവർഗ്ഗസംഭോഗമായിരുന്നു. സോദോമിന്റെ നാശത്തിനു മുമ്പു ലോത്തിനു മുന്നറിയിപ്പു നൽകാൻ വന്ന ദൂതന്മാരെ രണ്ടുപേരെ തങ്ങൾ ഭോഗിക്കുവാൻ വേണം എന്നു ചോദിച്ചപ്പോൾ അവർ രണ്ടുപേർക്ക് പകരം കല്യാണം കഴിക്കാത്ത തന്റെ രണ്ടു പെൺമക്കളെ അവർക്ക കൊടുക്കുവാൻ ലോത്തു തീരുമാനിച്ചു. ഇതുകൊണ്ടു അവന്റെ തെറ്റു നമുക്കു മനസ്സിലാക്കുവാൻ സാധിച്ചു (ഉല്പ. 19:4–8). പരിഗ്രഹിച്ചു എന്ന പദം പഴയനിയമത്തിൽ ദാമ്പത്യബന്ധങ്ങളെ പരോക്ഷമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

സോദോമിന്റെ മക്കളുടെ അപേക്ഷ ഭാര്യഭർത്തൃബന്ധത്തിന്റെ രീതിയിലായിരുന്നാൽ ലോത്ത് തന്റെ പെൺമക്കളെ അവർക്ക് കൊടുക്കാൻ ഇഷ്ടപ്പെടുമായിരുന്നില്ല. അവന്റെ രണ്ടു പെൺമക്കളും അവനോടു കൂടെ ശയിച്ചു അവന്റെ രണ്ടു പെൺമക്കളെയും സോദോമ്യരുടെ നടപ്പ് തെറ്റാണ് എന്ന് പഠിപ്പിച്ചിരുന്നാൽ അവർ അവനോടു കൂടെ ശയിക്കമായിരുന്നില്ല. ലോത്തു സോദോം നഗരവാസികളുടെ പാപം തെറ്റായി എടുക്കാത്തു മുഖാന്തരം പാപം വിശ്വരൂപം പ്രാപിച്ചു അവൻ തന്റെ മക്കളെ വളർത്തുന്നതിൽ വന്ന തെറ്റിന്റെ പ്രതിഫലനമാണ് ഇത്. ഒരു കുടുംബനേതാവിന്റെ പ്രധാനകടമകളിൽ ഒന്ന് തന്റെ മക്കളെ ചെറിയ പ്രായത്തിൽ തന്നെ വേദവചനം പഠിപ്പിച്ചു ദൈവവഴിയിൽ നടത്തുന്നതാകുന്നു. പഴയനിയമകാലത്തിൽ ദൈവം തന്റെ മക്കൾക്കു കൊടുത്ത കല്പനകളിൽ ഇതും ഒന്നാകുന്നു (സദൃ. 22:6). അവൻ യാക്കോബിൽ സാക്ഷി ഉണ്ടാക്കി. യിസ്രായേലിൽ ഒരു ന്യായപ്രമാണ് നിയമിച്ചു. നമ്മുടെ പിതാക്കന്മാരോട് അവയെ തങ്ങളുടെ മക്കൾക്കു അറിയിപ്പാൻ കല്പിച്ചു (സങ്കീ. 78:5).

സ്കൂളിൽ മക്കളെ പഠിപ്പിക്കുന്നതുപോലെ മാതാപിതാക്കൾ വേദപുസ്തകവും പഠിപ്പിക്കണം (ആവ. 6:7) അപ്പൻ തന്റെ മക്കൾക്കു ചെറിയ പ്രായത്തിൽ വേദവചനങ്ങളെ ഉപദേശിച്ചു വളർത്തിയാൽ പിൽക്കാലത്തിൽ അവർ കുടുംബത്തിന് നല്ല പേര് ഉണ്ടാക്കുന്ന വരായിരിക്കും.

ആവ. 11:18–20 ഇതിൽ കൊടുക്കപ്പെട്ടിട്ടുള്ള കല്പനകളെ മക്കളുടെ ജീവിതത്തിന്റെ സകല അംശങ്ങളിലും മക്കൾക്കു ഉപദേശിക്കുന്നതിനെ ക്കുറിച്ചാണ് ഇതിൽ എഴുതിയിരിക്കുന്നത്. ഈ വിഷയത്തിൽ കുടുംബം തെറ്റിപ്പോയാൽ പിൽക്കാലത്ത് അവന്റെ മക്കൾ അവന് നിന്ദയും അപമാനവും കൊണ്ടുവരും (സദൃ. 15:20). ലോത്തിന്റെ ജീവിതത്തിൽ ഈ വിഷയത്തിൽ ഉണ്ടായ തെറ്റ് ഓരോ അപ്പനും മുന്നറിയി പ്പായിരിക്കണം.

സോദോമിൽ ലോത്ത് ഒരു പ്രധാനി ആയി മാറി. അബ്രഹാം

ലോത്തിനെയും സോദോമിനെയും രക്ഷപ്പെടുത്തിയതുകൊണ്ടാണ് ലോത്തിന്റെ മേൽ സോദോം നിവാസികൾ മര്യാദ വെച്ചിരുന്നത് (ഉല്പ.14:12–17).

അക്കാലത്ത് ലോത്തിന് പട്ടണത്തിൽ നല്ല മതിപ്പും ബഹുമാനവും ഉണ്ടായിരുന്നു അവൻ സോദോം പട്ടണത്തിന്റെ ന്യായാധിപതിയായി നിയമിക്കപ്പെട്ടിരുന്നു. അന്നത്തെ കാല ചരിത്രത്തെ നോക്കുമ്പോൾ പട്ടണത്തിന്റെ മൂപ്പന്മാരും ന്യായാധിപന്മാരും പട്ടണത്തിന്റെ വാതില്ക്കൽ ഇരിക്കും ലോത്തും അതുപോലെ ന്യായാധിപതിയായി പട്ടണത്തിന്റെ വാതില്ക്കൽ ഇരുന്നതായി ഉല്പ. 19:1ൽ വായിക്കുന്നു. അക്കാലത്ത് പട്ടണങ്ങളിൽ പ്രവേശനകവാടത്തിന്റെ ഭാഗത്ത് കോടതി ഉണ്ടായിരുന്നു എന്നു പുരാവസ്തു ഗവേഷകർ പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നു. സോദോം നിവാസികൾക്കും ലോത്തിനും ഉണ്ടായ പ്രശ്നങ്ങളിൽ ലോത്ത് വിധിപറയാൻ ന്യായാധിപതി ആയിരുന്നത് ഈ വചനങ്ങൾ ഉറപ്പിക്കുന്നു. ജനങ്ങളെ ന്യായം വിധിപ്പാൻ ഇരുന്ന ലോത്ത് തന്റെ മനസ്സിനെ ന്യായത്തിന്റെ വഴികളിൽ നടത്താൻ മറന്നുപോയി.

ലോത്തിന്റെ കുടുംബം കുഴപ്പത്തോടും പ്രശ്നങ്ങളോടും ഇരുന്നതിന്റെ പ്രധാന കാരണം അവൻ ദൈവഹിതപ്രകാരം തീരുമാനം എടുക്കാത്തതുകൊണ്ടാണ്. ഇതിനെ തെളിവായി അബ്രഹാമിനെ വിട്ടു പിരിഞ്ഞു ചെന്ന ലോത്ത് തന്റെ കണ്ണിനും മനസ്സിനും ഇഷ്ടപ്പെട്ട നീരോട്ടമുള്ള പ്രദേശമായ സോദോമിൽ ചെന്നു എന്നു എഴുതിയിരിക്കുന്നു. സൗകര്യമായി ജീവിപ്പാൻ സ്ഥലം തിരഞ്ഞെടുക്കുന്നതിൽ തെറ്റില്ല പക്ഷെ ലോത്ത് സൗകര്യത്തിനും പണം സമ്പാദിക്കാനും പ്രാധാന്യം കൊടുത്തത് തെറ്റായി മാറി. അബ്രഹാമിനെപ്പോലെ ദൈവവഴി തിരഞ്ഞെടുക്കുവാൻ അവൻ പ്രവർത്തിച്ചില്ല. അതുകൊണ്ട് പാപം നിറഞ്ഞ സോദേമിൽ അവൻ താമസം മാറി. അതുകൊണ്ട് സോദോമിൽ ജനിച്ചുവളർന്ന പെൺകുട്ടിയെ അവൻ വിവാഹം കഴിച്ചു. അതുകൊണ്ട് വിവാഹത്തിനു ദൈവം കൊടുത്ത നിയമം മറന്നു. ദൈവത്തെ അറിയാത്തവളെ തിരഞ്ഞെടുത്തതുകൊണ്ട് പ്രശ്നങ്ങൾ

ഉണ്ടായി (2 കൊരി. 6:14–17). അതേസമയം മക്കൾക്കും സോദോമിൽ നിന്ന് തുണകളെ തിരഞ്ഞെടുത്തു. ഇത് ലോത്തിന്റെ ജീവിതത്തിൽ തെറ്റായ പ്രവൃത്തി ആകുന്നു (ആവ. 7:1–4). ഒടുവിൽ തന്റെ പെൺമക്കൾ കൊടുത്ത മദ്യം കുടിച്ച് പെൺമക്കളോടു തെറ്റായ പ്രവൃത്തി ചെയ്തു (ഉല്പ. 19:33–35). ലോത്ത് തന്റെ മനസ്സിനെ നിയന്ത്രിക്കാതെ പോയി. ലോക സൗകര്യങ്ങളിലും പദവികളിലും മയങ്ങി ജീവിച്ചത് അവന്റെ തെറ്റുകൾക്കു പ്രധാന കാരണം.

ഏതൊരു മനുഷ്യനും മനസ്സിനെ നിയന്ത്രിക്കേണ്ടതു വളരെ ആവശ്യം. മനസ്സ് ഇഷ്ടപ്പെടുന്ന വഴിയിലെല്ലാം മനുഷ്യൻ ചെല്ലാൻ പാടില്ല. കുടുംബത്തിന്റെ തലവനായിട്ടുള്ളവൻ തന്റെ തുണ തിരഞ്ഞെടുക്കുമ്പോഴും തന്റെ മക്കൾക്കു തുണകളെ തിരഞ്ഞെടുക്കുമ്പോഴും തന്റെ മനസ്സിനു ഇഷ്ടപ്പെട്ട പ്രകാരം തീരുമാനം എടുക്കണം. നമ്മുടെ കുടുംബത്തെയും നമ്മുടെ മക്കളുടെ വിവാഹത്തെയും എങ്ങനെ നടത്തുന്നു എന്നു നാട്ടുകാർ സഭക്കാർ നമ്മെ കാണുന്നു. സൂക്ഷിക്കണേ, ക്രിസ്തീയ ജീവിതത്തിൽ സാക്ഷി വളരെ പ്രധാനപ്പെട്ടതാണ്. നിങ്ങൾ അറിഞ്ഞ് എന്നെ വിശ്വസിക്കുകയും ഞാൻ ആകുന്നു എന്നു ഗ്രഹിക്കയും ചെയ്യേണ്ടതിന് നിങ്ങൾ എന്റെ സാക്ഷികൾ........(യെശ. 43:10).

യേശുക്രിസ്തു നിങ്ങളുടെ വീട്ടിൽ വസിച്ചാൽ അയൽവാസികൾ വളരെ വേഗത്തിൽ അതു മനസ്സിലാക്കും.......

മാതാപിതാക്കളുടെ ജീവിതം തന്നെ മക്കൾക്കു പാഠശാല ആയിരിക്കുന്നു

**(JOHN BUTRIDGE)**

മക്കളുടെ ആദ്യത്തെ പാഠശാല അവരുടെ കുടുംബം തന്നെ

(അനൗൺ)

മാതാപിതാക്കളുടെ വിശുദ്ധജീവിതം തന്നെ മക്കളുടെ സമ്പത്ത്

**(C.H. SPURGEN)**

# നല്ലവനും വിശ്വസ്തനുമായ വേലക്കാരൻ

(ഉല്പ. 3:9)

**1. നീ എവിടെ ?**

**2. നിന്റെ സഹോദരൻ എവിടെ ?(ഉല്പ. 4:9)**

**3. നിന്റെ പേര് എന്ത്** ? (ഉല്പ. 32:27)

ഇതെല്ലാം നമ്മുടെ ദൈവം ചോദിച്ച ചോദ്യങ്ങളാകുന്നു. മുകളിൽ എഴുതിയ ചോദ്യത്തെക്കുറിച്ചു നാം ബൈബിളിൽ വായിക്കുമ്പോൾ എന്റെ മനസ്സിൽ ഇങ്ങനെ ഒരു ചോദ്യം ഉണ്ടായി ആദാം എവിടെ ഇരിക്കുന്നു എന്നു സകലവും അറിയുന്ന ദൈവത്തിന് അറിയില്ലയോ ? യാക്കോബിന്റെ പേര് ദൈവത്തിന് അറിയില്ലേ ? അറിയാം. അവൻ സകലത്തേയും അറിയുന്ന സർവ്വ ശക്തിയുള്ള ദൈവമാകുന്നു. അവൻ ഭാവി കാലത്തിലും വർത്തമാനകാലത്തിലും ഭൂതകാലത്തിലും ഉള്ള സകലവും അറിഞ്ഞ ദൈവമാണ്. അവൻ ഹൃദയത്തിലുള്ള ചിന്തയും അറിഞ്ഞിരിക്കുന്നു. അവൻ സകലത്തേയും അറിയുന്ന ദൈവമായി രുന്നാലും നാം ഓരോരുത്തരും നമ്മുടെ ജീവിതത്തെക്കുറിച്ചു കണക്ക് ഏല്പിക്കണം എന്നു അവൻ ഉണർത്തുന്നു.

ഇവിടെ ആദാമിന്റെ തെറ്റ് അവൻ തന്നെ മനസ്സിലാക്കാനാണ് ഈ ചോദ്യത്തെ അവൻ ചോദിച്ചത്. ഞങ്ങൾ ഒളിച്ചിരിക്കുന്നു എന്നു മറുപടി പറയുന്നു. എന്തുകൊണ്ട് ഒളിച്ചിരിക്കുന്നു? ഞങ്ങൾ നഗ്നരായിരിക്കുന്നു.

നഗ്നരെന്നു ആര് നിന്നോടു പറഞ്ഞു ഇങ്ങനെ ചോദിച്ചു ചോദിച്ചു തെറ്റു ചെയ്ത മരത്തിന്റെ അടുത്തുകൊണ്ടു ചെന്നു നിർത്തുന്നു. ഓരോരുത്തരുടെ തെറ്റു മനസ്സിലാക്കാനാണ് ദൈവം ഇങ്ങനെ ചോദിക്കുന്നത്.

കായിൻ തന്റെ സഹോദരനെ കൊന്നതു കൊണ്ടു ദൈവം അവനോടു ചോദിക്കുന്നു. (അവന്റെ തെറ്റ് മനസ്സിലാക്കാൻ) യാക്കോബിനോടും തന്റെ തെറ്റു മനസ്സിലാക്കാനാണ് നിന്റെ പേരെന്ത് എന്ന് ചോദിച്ചത്. അവൻ കണ്ണുകാണാത്ത അപ്പനെ വഞ്ചിച്ചു സഹോദരനെ വഞ്ചിച്ചു. ആസ്തികൾ എല്ലാം എടുത്തു. വഞ്ചിക്കപ്പെട്ട ഏശാവ് പറയുന്നു അവന്റെ പേര് പോലെ അവൻ എന്നെ വഞ്ചിച്ച വനാകുന്നു. യാക്കോബ് എന്നാൽ വഞ്ചിക്കുന്നവൻ എന്നർത്ഥം ദൈവം ചോദിച്ചപ്പോൾ അവൻ മറുപടി പറയുന്നതുപോലെ അതേ ഞാൻ വഞ്ചിക്കുന്നവനാണ് കർത്താവേ സ്വന്തം അപ്പനെ ഞാൻ വഞ്ചിച്ചു കർത്താവേ. അവിടെ വച്ചു തന്റെ തെറ്റുകളെ അവൻ ഏറ്റുപറഞ്ഞു. പാപങ്ങളെ മറയ്ക്കുന്നവനു ജീവിതമില്ല ഏറ്റുപറഞ്ഞുപേക്ഷിക്കുന്നവന് ദൈവകരുണ ലഭിക്കും എന്നു ദൈവവചനം പറയുന്നതുപോലെ യാക്കോബ് തന്റെ തെറ്റുകളെ ഏറ്റുപറഞ്ഞിരിക്കണം. സകലത്തേയും അറിയുന്ന ദൈവം ഇവൻ താൻ ചതിയൻ എന്നു ഏറ്റുപറഞ്ഞതുകൊണ്ട് അവനോടു ക്ഷമിച്ച് ഇന്നു മുതൽ നീ യിസ്രയേൽ എന്നു വിളിക്കപ്പെടും ഇനി നീ ചതിയൻ അല്ല എന്നു അനുഗ്രഹിച്ചു ഇങ്ങനെ അവരവരുടെ തെറ്റ് അവരവർ മനസ്സിലാക്കാൻ വേണ്ടി പല സ്ഥലങ്ങളിൽ ദൈവം ചോദ്യങ്ങൾ ചോദിക്കുന്നു.

അതു മാത്രമല്ല കാരണം നമ്മുടെ ജീവിതത്തെക്കുറിച്ച് ദൈവത്തിനു കണക്ക് ഏല്പിക്കേണ്ടതു വളരെ ആവശ്യമാണ് (റോമ. 14:12, എബ്രാ. 4:13). നമ്മുടെ സകല പ്രവൃത്തിയും ചിന്തകൾ വർത്തമാനം എല്ലാറ്റിനെയും കുറിച്ചു ഓരോരോ ദിവസവും നമ്മുടെ സമയങ്ങളെ എങ്ങനെ ചിലവഴിച്ചു എന്നതിനെക്കുറിച്ചും കണക്ക് ഏല്പിക്കണം. ന്യായവിധി നാളിൽ

ദൈവത്തിൻ മുമ്പാകെ നാം നിൽക്കുന്ന ദിവസത്തിൽ നാം ഓരോരോ കാര്യങ്ങളെക്കുറിച്ചും കണക്കു ഏല്പിക്കണം കണക്കു ഏല്പിക്കുന്ന ഉത്തരവാദിത്വത്തെക്കുറിച്ചു മത്താ. 26:14–30) വരെ സൂചിപ്പിച്ചിരിക്കുന്നു. താലത്തുകളെക്കുറിച്ചുള്ള ഉപമയിൽ ആവിവരം പറഞ്ഞിരിക്കുന്നു. ഈ ഉപമയിൽ ഒരു താലത്തു ലഭിച്ചവൻ അതു നഷ്ടപ്പെടുത്തിയില്ല ഉദാസീനപ്പെടുത്തിയിട്ടുമില്ല. എന്നാൽ ആ താലത്തു അവൻ ഉപയോഗിക്കാതെ വച്ചതാണ് തെറ്റ്. അതുകൊണ്ട് അവന് നരകശിക്ഷ ലഭിച്ചു.

ചിലപ്പോൾ നമ്മുടെ ജീവിതത്തെ തിരിഞ്ഞു നോക്കി ക്കാണുമ്പോൾ വലിയ തെറ്റ് ഒന്നും ചെയ്തിട്ടില്ല എന്നു തോന്നും പക്ഷെ നല്ല കാര്യങ്ങൾ ചെയ്യാതെപോയി. മറ്റുള്ളവർക്കു പ്രയോജനമുള്ള കാര്യങ്ങൾ ചെയ്തില്ല. അതായത് തനിക്കു ലഭിച്ച താലത്ത് ഉപയോഗിക്കാത്തവനെപ്പോലെ. മനുഷ്യനും ദൈവത്തിനും പ്രയോജനമുള്ള പാത്രമായി നാം ജീവിക്കണം. ചിലപ്പോൾ നമ്മുടെ കുടുംബത്തെയും മറ്റുള്ളവരെയും കുറ്റം പറഞ്ഞ് നമുക്ക് ലഭിച്ച താലത്ത് ഉപയോഗിക്കാതെ പോയത് നാം ശ്രദ്ധിക്കുന്നില്ല.

അവസാനമായി 5 താലത്ത് 2 താലത്ത് ലഭിച്ച വേലക്കാരെക്കുറിച്ചു നമുക്കു ചിന്തിക്കാം. 5 താലത്തു ലഭിച്ച വേലക്കാരൻ അതു ഇരട്ടിയാക്കിയതുകൊണ്ടു യജമാനൻ അവനെ നോക്കി നല്ലവനും വിശ്വസ്തനുമായ വേലക്കാരൻ എന്നു പുകഴ്ത്തുന്നു. വാനത്തെയും ഭൂമിയെയും ഉണ്ടാക്കിയ ദൈവം ഇങ്ങനെ നമ്മെ പുകഴ്ത്തുമെങ്കിൽ എത്രവലിയ ഭാഗ്യമായിരിക്കും. അങ്ങനെ ഒരു ഭാഗ്യം നമുക്കെല്ലാവർക്കും ലഭിക്കാൻ ദൈവഹിതം ചെയ്യാനും ദൈവം ഇഷ്ടപ്പെട്ട ജീവിതം ചെയ്യാനും നമുക്കു തീരുമാനം എടുക്കാം.

അവസാനമായി ഇതെഴുതുന്ന ഞാനും വായിക്കുന്ന നിങ്ങൾ എല്ലാ പേരും നമ്മുടെ ജീവിതത്തെക്കുറിച്ച് കണക്ക് ഏല്പിക്കേണ്ടവ രാകുന്നു. നല്ലവനും വിശ്വസ്തനുമായ ദാസനേ എന്നു വിളിക്കപ്പെടു വാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

# ബിഷപ്പു തിരഞ്ഞെടുപ്പു

- Dr. Pushparaj

**C.S.I** (Church of South India)

**C.N.I** ( Church of North India)

തെക്കെ ഇന്ത്യ സഭ, വടക്കേ ഇന്ത്യാ സഭ

മിഷനറിമാർ ഇന്ത്യയിൽ വന്നു സുവിശേഷം അറിയിച്ചതുകൊണ്ടു തെക്കേ ഇന്ത്യയിലും വടക്കേ ഇന്ത്യയിലും പല ക്രിസ്തീയ സഭകൾ ഉണ്ടായി. വടക്കേ ഇന്ത്യയിൽ ബാപ്റ്റിസ്റ്റ്സഭയും മറ്റു സഭകളും സ്ഥാപിക്കപ്പെട്ടു. തെക്കേ ഇന്ത്യയിൽ CMS, LMS മാതിരിയുള്ള സഭകൾ ഉണ്ടായി.

1947-ാം വർഷം തെക്കേ ഇന്ത്യയിൽ 5 ജില്ലകളിൽ നേരത്തെ സ്ഥാപിക്കപ്പെട്ട മെതഡിസ്റ്റ്, ആംഗ്ലിക്കൻ പ്രിസ്ബിറ്റേറിയൻ, ലൂഥറൻ എന്നുള്ള സഭകൾ ഒരേ പേരിൽ ക്രിസ്തീയ സഭകൾ പ്രവർത്തിക്കുന്നതു നല്ലതു എന്ന കണ്ടു ഇന്ത്യയിൽ വടക്കേ ഇന്ത്യയിൽ CNI എന്നും തെക്കേ ഇന്ത്യയിൽ C.S.I സഭ എന്നും സഭയാക്കി. ഇവർക്കു പ്രോട്ടസ്റ്റന്റു സഭ എന്നും മെയിൻ ലൈൻ സഭകൾ എന്നും വിളിക്കപ്പെട്ടു. ഇവയിൽ ഒന്നു C.S.I സഭയാകുന്നു. C.S.I തെക്കെ ഇന്ത്യ തിരുസഭ കർണ്ണാടക, ആന്ധ്ര, കേരള, തമിഴ്നാട്, ശ്രീലങ്ക (ജാഫ്ന) എന്നു വേർപ്പെടുത്തി C.S.I എന്നു പേർ വെച്ചു മുകളിൽ പറയപ്പെട്ട ഓരോരോ സംസ്ഥാനങ്ങളിലും ഭരണത്തിനായി 24 ഡയോസിസായി വേർതിരിച്ചു. ഇതിൽ ശ്രീലങ്ക ഒരു പ്രത്യേക രാജ്യമായിരുന്നാലും ഇന്ത്യയിൽ നിന്നു ജോലിക്കുവേണ്ടി ചെന്ന തമിഴ് ആളുകൾ ജാഫ്നയിൽ (യാഴ്പാണം) താമസമാക്കി പ്രത്യേക തമിഴ്നാടായി പ്രവർത്തിക്കുന്നു. രാജാക്കന്മാരുടെ കാലത്ത് ശ്രീലങ്കയിൽ തന്നെ ജനിച്ചുവളർന്നവർക്ക് സിംഹള ഭാഷ സംസാരിക്കുന്ന ശ്രീലങ്കാസിംഹളർ എന്ന വിളിക്കപ്പെട്ടു. അതേകാലത്തിൽ തമിഴരും അവിടെ ജീവിച്ചു എന്നു ചരിത്രം പറയുന്നു.

തമിഴ്നാട്ടിൽ നിന്നു ജാഫ്നയിൽ പോയി താമസമാക്കിയ തെക്കേഇന്ത്യ C.S.I സഭാ ജനങ്ങൾ അവർ മുഖാന്തരം ഉണ്ടാക്കപ്പെട്ടതാണ് ജാഫ്ന C.S.I സഭ തങ്ങൾ C.S.I സഭക്കാർ എന്ന പേര് അവർ മാറ്റാൻ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് സൗത്ത് ഇന്ത്യ C.S.Iസഭയോടു ചേർന്ന് 25-ാമതു ഡയോസിസായി ഉണ്ടായി.

കഴിഞ്ഞ ചില കാലമായി C.S.I സഭകളുടെ പ്രധാന ബിഷപ്പായി ആരെയും തിരഞ്ഞെടുക്കാതെ ഇരുന്നു 2025 ആഗസ്റ്റ് മാസം C.S.I മോഡറേറ്റർ തിരഞ്ഞെടുക്കപ്പെട്ടു അതിന്റെ ശേഷം ബിഷപ്പുമാർ ഇല്ലാത്ത എല്ലാ ഡയോസിസുകളിലും ബിഷപ്പുമാർ തിരഞ്ഞെടുക്കപ്പെട്ടു. ആ വിവരം തുടർന്നു ഞാൻ എഴുതുന്നു.



# ബിഷപ്പിന്റെ യോഗ്യത

കന്യാകുമാരി ഡയോസിസ് മുൻ ബിഷപ്പ് Rt.Rev.Dr. **ചെല്ലയ്യ,** MA.BD.MTH അവർകൾ തന്റെ ഡയോസിസ് മാസികയിൽ ബിഷപ്പിനുള്ള യോഗ്യതയെക്കുറിച്ച് എഴുതിയിരുന്നു. ബിഷപ്പുമാരുടെ തിരഞ്ഞെടുപ്പുകാലത്തിൽ എഴുതിയതാണ്. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ബിഷപ്പുമാർക്കും പ്രയോജനപ്പെടും എന്നതു കൊണ്ടു ഞാൻ ഇവിടെ പരസ്യപ്പെടുത്തുന്നു.

**ബിഷപ്പു തിരഞ്ഞെടുപ്പു:-** ബിഷപ്പു തിരഞ്ഞെടുപ്പിനു അതാതു ഡയോസിസ് അതിന് ആവശ്യമായ അനുവാദം മോഡറേറ്റിൽ നിന്നു ബിഷപ്പ് സെക്രട്ടറി വാങ്ങി ഭരണചുമതലയിലുള്ള കമ്മറ്റിയെ കൂട്ടി ബിഷപ്പുമാരുടെ പാനൽ ഉണ്ടാക്കി ബിഷപ്പിനെ തിരഞ്ഞെടുക്കാനുള്ള കമ്മിറ്റിയെ കൂട്ടുവാനുള്ള തീരുമാനം എടുക്കും. ബിഷപ്പ് ഇലക്ഷൻ നടത്തുവാൻ സഭയിൽ മെമ്പറായിട്ടുള്ള 5 പേരുള്ള ഒരു ഗ്രൂപ്പ് ഈ അഡ്മിനിസ്ട്രേഷൻ കമ്മിറ്റി നിയമിക്കും. ഇതിൽ ഒരാൾ കൺവീനറായി പ്രവർത്തിക്കും. ബിഷപ്പ് പാനലിൽ വരാൻ യോഗ്യതയുള്ളവർ C.S.I സഭയിലെ അച്ചന്മാരിൽ ഒരാളായിരിക്കണം. റിട്ടയേഡ് ആകാൻ 5 വർഷം ഉള്ളവരായിരിക്കണം. അവസാന പാനൽ ഉണ്ടാക്കി. പ്രധാന കമ്മറ്റി മെമ്പർമാർക്ക് അവർ അത് എത്തിക്കും. അതിന്റെ ശേഷമാണ് ബിഷപ്പിലക്ഷൻ നടക്കുന്നത്. സ്പെഷ്യൽ കമ്മിറ്റി ബിഷപ്പ് പാനലിൽ 50% വോട്ട് ലഭിച്ചവരെ തിരഞ്ഞെടുത്തു സിനഡ് ഇലക്ഷൻ കമ്മിറ്റിക്ക് അയക്കും. C.S.I സിനഡ് സെക്രട്ടറി. പാനലിൽ ഉള്ള അച്ചന്മാരുടെ പേരുകളെ ഡയോസിസ് ജനങ്ങൾക്ക് അയച്ച് അഭിപ്രായം ചോദിച്ച് അറിയണം.

അതിനുശേഷം സിനസിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഏർപ്പാടു ചെയ്യും. അതിൽ **2 അച്ചന്മാർ, 2 ബിഷപ്പുമാർ, 2 സഭാംഗങ്ങൾ** എന്നിവർ ഉണ്ടായിരിക്കും. അവരാണ് പാനലിൽ ഉള്ള ഒരച്ചനെ: ബിഷപ്പായി തിരഞ്ഞെടുത്ത് സിനഡ് അഡ്മിനിസ്ട്രേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി അയക്കുന്നത്. അവരുടെ അംഗീകാരം ലഭിച്ചതിനുശേഷമാണ് പുതിയ ബിഷപ്പിന്റെ പേര് മോഡറേറ്റർ നിയമപരമായി അറിയിക്കുന്നത്. അതിന്റെ ശേഷം ഒരു പ്രത്യേക ദിവസം തീരുമാനിച്ചു ബിഷപ്പിന്റെ സ്ഥാനാരോഹണം നടക്കും.

ബിഷപ്പിന്റെ ഇലക്ഷൻ ജനാധിപത്യപരമായി നടന്നു എങ്കിലും മറ്റ് ഇലക്ഷനും ഇതും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കണം. **ആരെയാണ് ബിഷപ്പായി ദൈവം തിരഞ്ഞെടുക്കുന്നത് എന്നുള്ളതാണ് അടിസ്ഥാനതത്വം.** Mark. 10:45 (യേശു) ഞാൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രേ വന്നത്. വന്നു എന്നു പറഞ്ഞത് നാം കൈകൊണ്ട് കർത്താവിനെ അനുഗമിക്കുന്നവരായിരിക്കണം. തിരഞ്ഞെടുക്കപ്പെട്ട കമ്മറ്റി ജനങ്ങളോട് ചേർന്ന് പ്രാർത്ഥിച്ച് ദൈവം ആരെയാണോ കാണിക്കുന്നത് ആവർക്ക് വോട്ടിട്ടു തിരഞ്ഞെടുക്കണം. ഡയോസിസിന്റെ ഉയർന്ന പദവി ആഗ്രഹിച്ച് ഇലക്ഷനിൽ മത്സരിക്കുന്നത് ദൈവ ഇഷ്ടം അല്ല. അങ്ങനെ സ്വന്ത ഇഷ്ടപ്രകാരം ചെയ്യുന്നവരെ ദൈവം തിരഞ്ഞെടുത്തിട്ടില്ല എന്ന് അർത്ഥം. അതുകൊണ്ട് ദൈവം തന്നെ ഒരു നല്ല ആളെ തിരഞ്ഞെടുക്കണം എന്നു നമുക്കു പ്രാർത്ഥിക്കാം. ഈ ലേഖനത്തെ എഴുതുന്ന ഞാൻ ചെല്ലയ്യ) ബിഷപ്പായി സ്ഥാനാരോഹണം ചെയ്യപ്പെടുമ്പോൾ വലിയ ഭാരത്തോടു പ്രാർത്ഥിച്ചു എന്നെ യോഗ്യതപ്പെടുത്തിയാണ് ആ ചടങ്ങിന് ഞാൻ പോയത് അന്ന് ഞാൻ സ്ഥാനാരോഹണം ചെയ്യപ്പെടുമ്പോൾ എല്ലാവരുടേയും സംശയങ്ങൾക്ക് ഞാൻ കൊടുത്ത മറുപടിയാണ് ഇത്–

1. പ്രാർത്ഥനക്ക് മുൻഗണന കൊടുക്കണം.

2. സമാധാനത്തിന് മുൻഗണന കൊടുക്കണം

3. പുരോഗതിക്കു പ്രാധാന്യം കൊടുക്കണം.

എന്നു ഞാൻ അന്നു പറഞ്ഞത് എന്നെക്കൊണ്ടു സാധിക്കുന്ന അളവിൽ ഞാൻ കൈക്കൊണ്ടു. പൗലൊസ് 2 കൊരി. 10:8. **നിങ്ങളെ ഇടിച്ചു കളവാനല്ല പണിവാനത്രെ കർത്താവു ഞങ്ങൾക്കു തന്ന അധികാരത്തെക്കുറിച്ച് ......** ബിഷപ്പ് സ്ഥാന അധികാരം ലഭിച്ച ഉടനേ മറ്റു അച്ചന്മാരെ പുച്ഛമായി ചിന്തിക്കുന്ന രീതി ഉണ്ട്. മറ്റു ചില സ്ഥലത്ത് വയസ്സു മുതിർന്ന അച്ചന്മാരെപ്പോലും 'എടാ' എന്നു വിളിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട് അതു പദവി തലക്കു കേറിയതിന്റെ ലക്ഷണമാണ്. അത് എന്റെ ജീവിതത്തിൽ വരാതെ എന്റെ ജീവിതത്തിൽ ഞാൻ സൂക്ഷിച്ചു. ദൈവവേല എന്നു പറയുന്നതു ബൈബിൾ കാട്ടുന്ന വഴിയിൽ സഭയെ നടത്തുക എന്നുള്ളതാണ് പ്രധാനലക്ഷ്യം. എന്റെ ബിഷപ്പ് പദവിയോടു ബന്ധപ്പെട്ട ഡയോസിസ്, സ്വത്തുക്കൾ, സ്ഥാപനങ്ങൾ, എല്ലാത്തിന്റെ ഭരണത്തിലും ഉണ്ടാകുന്ന വെല്ലുവിളികളെ ഞാൻ അഭിമുഖീകരിച്ചിട്ടുണ്ട്. അതിലെല്ലാം ചീത്തപ്പേരില്ലാതെ ദൈവം എന്നെ രക്ഷപ്പെടുത്തി. ഫിലി. 4:8, 9. **ഒടുവിൽ സഹോദരന്മാരേ സത്യമായത് ഒക്കെയും, ഘനമായ തൊക്കെയും, നീതിയായ തൊക്കെയും, നിർമ്മലമായതൊക്കെയും, രമ്യമായതൊക്കെയും, സൽക്കീർത്തിയായതൊക്കെയും, സൽഗുണമോ പുകഴ്ചയോ അതൊക്കെയും ചിന്തിച്ചു കൊൾവിൻ. എന്നോടു പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളത് പ്രവർത്തിപ്പിൻ. എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ഇരിക്കും.**

അവസാനമായി മുകളിൽ പറഞ്ഞത് നാം എല്ലാവരും കൈക്കൊണ്ട് ദൈവത്തിന്റെ അനുഗ്രഹം നമ്മോടെല്ലാവരോടും തങ്ങിയിരിക്കാൻ ഇടവരുമാറാകട്ടെ.

**Rt. Rev. Dr. ചെല്ലയ്യ,** M.A., B.D., M.T.H.,

Rtd. Bishop, Kanyakumari Diocese.

**അഭിനന്ദിക്കുന്നു!!!** **അനുമോദിക്കുന്നു!!!**



Most. Rev. Dr. Prof. K. **റൂബൻ മാർക്ക്**

## C.S.I സഭയ്ക്കു
## പുതിയ മോഡറേറ്റർ

പുതുതായി തിരഞ്ഞെടുക്കപ്പെട്ട **C.S.I** മോഡറേറ്റർ Most. Rev. Dr. Prof. K. **റൂബൻ മാർക്ക്** അവർകൾ. ആന്ധ്രായിലുള്ള കരിം നഗർ ഡയോസിസിൽ ബിഷപ്പായി ശുശ്രൂഷ ചെയ്തവർ. ഇപ്പോൾ 25 ഡയോസിസിസനും മോഡറേറ്ററായി തിരഞ്ഞെടുക്കപ്പെട്ടു. മോഡറേറ്റർ അവർകളെ എന്റെ പേരിലും ജാമക്കാരൻ വായനക്കാരുടെ പേരിലും അനുമോദിക്കുന്നു.

## Rt.Rev. പോൾ ഫ്രാൻസിസ് രവിചന്ദ്രൻ

ഇദ്ദേഹം മദ്രാസ് ഡയോസിസ് ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടു. (ഈ ഡയോസിസ് മാത്രം ചെന്നൈ ഡയോസിസ് എന്നു വിളിക്കപ്പെടാതെ പഴയ പേരിൽ വിളിക്കപ്പെടുന്നു.) ഇദ്ദേഹം മദ്രാസ് ഡയോസിസിലുള്ള ദളിത് മക്കളുടെ മുന്നേറ്റത്തന് പ്രാധാന്യം കൊടുക്കും എന്നു പറഞ്ഞതായി ഡയോസിസിലുള്ള ചിലർ പറഞ്ഞു.



**Rt.Rev. പോൾ ഫ്രാൻസിസ് രവിചന്ദ്രൻ**

മരിച്ച മുൻ ബിഷപ്പ് അസറിയ അവർകളുടെ തെറ്റായ ആശയത്തെ പിൻഗമിക്കാതിരുന്നാൽ നല്ലതാണ്.

## Rt. Rev. വിൻസന്റ് വിനോദ്കുമാർ



**Rt. Rev. വിൻസന്റ് വിനോദ്കുമാർ**

ഇദ്ദേഹം കർണ്ണാടക സംസ്ഥാനത്തിന്റെ മദ്ധ്യഭാഗത്തുള്ള സെൻട്രൽ ഡയോസിസിന്റെ ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം IEM മിഷനറി സ്ഥാപനത്തിൽ ചേർന്ന് ചിലകാലം മിഷനറി പ്രവർത്തനം ചെയ്തു. നല്ല മിഷനറി ഭാരം ഉള്ള ബിഷപ്പ് എന്ന് ഇദ്ദേഹത്തെക്കുറിച്ച് പറയുവാൻ സാധിക്കും.

---

## Rt.Rev.Dr. കമ്മാന്നർ സന്തോഷ് പ്രസന്ന റാവു

ഇദ്ദേഹം ആന്ധ്രയിൽ നന്ത്യാൽ ഡയോസിസ് ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം ഗ്രാമ സുവിശേഷ വേലയിൽ നല്ല ഉത്സാഹം കാണിക്കുന്ന വ്യക്തിയാണ്. ധാരാളം ഗ്രാമസഭകളെ ഉണ്ടാക്കിയ വ്യക്തിയാണ്. അതുകൊണ്ട് ഇദ്ദേഹം സുവിശേഷവേലയിൽ നല്ല ഭാരം ഉള്ളവർ എന്നു പറയപ്പെടുന്നു.



**Rt.Rev.Dr. കമ്മാന്നർ സന്തോഷ് പ്രസന്ന റാവു**


---

## Rt.Rev. ജോസ് ജോർജ്ജ്



**Rt.Rev. ജോസ് ജോർജ്ജ്**

ഇദ്ദേഹം കേരളത്തിൽ ഉള്ള കൊല്ലം കൊട്ടാരക്കര ഡയോസിസ് ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം യുവജനങ്ങളുടെ ഇടയിൽ നല്ല സുവിശേഷ വേല ചെയ്തു എന്നു പറയപ്പെടുന്നു. അതോടൊപ്പം സാമൂഹ്യസേവനത്തിലും ഉത്സാഹമുള്ള വ്യക്തി എന്നു പറയുന്നു.



Rt.Rev.
കുര്യൻ പീറ്റർ

## Rt.Rev. കുര്യൻ പീറ്റർ

ഇദ്ദേഹം കൊച്ചിൻ C.S.I ഡയോസിസ് ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടു.

---

## Rt. Rev. Dr. A. ലിവിങ്സ്റ്റൺ

ഇദ്ദേഹം സേലം C.S.I പുതിയ ഡയോസിന്റെ ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടു. കോയമ്പത്തൂർ ഡയോഡയോസിസ് രണ്ടായി പിരിഞ്ഞു സേലം ഈറോഡ് എന്ന് ഡയോസിസ് ഉണ്ടായി. സേലം ഡയോസിസിന്റെ ആദ്യ ബിഷപ്പായി ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം കുട്ടികളുടെ ഇടയിലും V.B.S നടത്തുന്നതിലും വളരെ ഉത്സാഹം കാണിക്കുന്നു. നന്നായി പാട്ടുപാടുന്ന താലന്തും ലഭിച്ചവരാണ്.



Rt. Rev. Dr.
A. Livingstone

മുകളിൽ പറഞ്ഞ തിരഞ്ഞെടുക്കപ്പെട്ട എല്ലാ ബിഷപ്പുമാർക്കും ജാമക്കാരൻ പേരിലും എന്റെ സ്വന്തം പേരിലും അനുമോദനം അറിയിക്കുന്നു. ഇവർക്കെല്ലാവർക്കും വേണ്ടി നാമെല്ലാവരും പ്രാർത്ഥിക്കണം.



*New Year Begins*
*let us pray, that it will be a year with*
*New Peace, New Happiness.*

*God bless you through out the New year*

# *Happy New Year - 2025*

JANUARY-2025

## Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.